I/97437/2024

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – തിരുവനന്തപുരം ജില്ല – തിരുവനന്തപുരം നഗരസഭ- ഉളിയാഴത്തുറ വില്ലേജ് LPG ഗ്യാസ് ഗോഡൗൺ നിർമ്മാണം -കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ 15/11/2023 തീയതിയിലെ LSGD/JD/TVM/4697/2023-P1 നമ്പർ കത്തും 30/01/2023 തീയതിയിലെ റിപ്പോർട്ടും

2. ശ്രീ.കേശവൻ കുട്ടി നായരുടെ 27/09/2023 –ലെ അപേക്ഷ.
3. 11/09/2017 –തീയതിയിലെ G.O(MS)NO.180/2017/LSGD നമ്പർ ഉത്തരവ്.
4. 19/01/2024 തീയതിയിലെ G.O(Ms)No.153/2024/LSGD നമ്പർ സർക്കാർ ഉത്തരവ്.

==========================================================

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/67105/2023-TCPA1 തീയതി:06-02-2024

==========================================================

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള ഉളിയാഴത്തുറ വില്ലേജിൽ റീ സർവ്വേ നമ്പർ 81/9-3-1-ൽ ഉൾപ്പെട്ട 16.60 ആർ വസ്തുവിൽ 162.0$m^2$ ബിൽറ്റ്-അപ്പ് ഏരിയാ വിസ്തീർണ്ണമുള്ള LPG ഗ്യാസ് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.കേശവൻകുട്ടി നായരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി പ്രസ്തുത നിർമ്മാണത്തിന് സൂചന (3), തിരുവനന്തപുരം നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള ഇടക്കാല വികസന ഉത്തരവ് (IDO) പ്രകാരം ആവശ്യമായ ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകള് പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും Department of Fire And Rescue Services, Kerala State Pollution Control Board തുടങ്ങിയ ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഒ.സി എന്നിവ നിയമാനുസൃതം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി/ഒക്യുപൻസി നൽകാൻ പാടുള്ളൂ. (കെ.എം.ബി.ആർ 2019, ചട്ടം 5(4) കാണുക)

2. കെ.എം.ബി.ആർ 2019 ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം. അപേക്ഷകന്റെ വക തുടർച്ചയായി വരുന്ന മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളും വിശദാംശങ്ങളും ശരിയാണെന്ന് ഉറപ്പ്
വരുത്തണം.
3. കെ.എം.ബി.ആർ 2019, ചട്ടം 5(6)(c)-യിലെ ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് കൺകറൻസ് അംഗീകാരം നൽകുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം കെ.എം.ബി.ആർ 2019 ലെ മറ്റു ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണ് എന്ന് കോർപ്പറേഷൻ സെക്രട്ടറി ഉറപ്പ് വരുത്തണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. ടി കെട്ടിടത്തിനുള്ള ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് മുമ്പായി ജില്ലാ ടൗൺപ്ലാനറിൽ നിന്ന് KMBR, 2019-ലെ ചട്ടം 30 പ്രകാരം ആവശ്യമായ ലേ ഔട്ട് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ അനുമതി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 06-02-2024 11:46:20

നിധീഷ്.കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺ പ്ലാനർക്കു വേണ്ടി)

ടൗൺ പ്ലാനർ, തിരുവനന്തപുരം,

<u>പകർപ്പ്:-</u>

1. ശ്രീ.ജെ.കേശവൻ കുട്ടി നായർ, M/S Divine Gas Service, TC16/197, Old TC 1/221-2, ആക്കുളം റോഡ്, ഉള്ളൂർ, മെഡിക്കൽ കോളേജ് (പി.ഒ)
2. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
3. വെബ് സൈറ്റ്, 4. കരുതൽ ഫയൽ, 5. അധികം